**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല - വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അലക്സ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2054/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 20.06.2017

==================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.01.2014-ലെ ഇ 2-(എസ് സി 55/2013/കെഎൽഎം)25215/2013 നമ്പർ കത്ത്

2. വിജിലൻസ് വകുപ്പിന്റെ 15.02.2014-ലെ 440/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 27.05.2014-ലെ 16601/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.എസ്. അലക്സ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 04.07.2016-ലെ ഡി6-24791/14 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ശുചിത്വമിഷൻ നൽകിയ പണം ചെലവഴിച്ചതിൽ അഴിമതി നടന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി ക്രമക്കേടുകൾക്കുത്തരവാദികളായ വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസ് എന്നിവർക്കെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്ത് പരാമർശം (1), (2) എന്നിവ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

11.06.2013-ലെ സർക്കാർ ഉത്തരവ് (സാധാ)) നമ്പർ 1508/2013/തസ്വഭവ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും പരമാവധി 10,000/- രൂപ ചെലവഴിക്കുന്നതിന് ഉത്തരവാകുകയും ടി തുക ആദ്യം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുവാനും വിനിയോഗ സാക്ഷ്യപത്രം നൽകി ശുചിത്വമിഷനിൽ നിന്നും തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്നും 10,000/- രൂപ സാനിട്ടേഷൻ കമ്മിറ്റി കൺവീനർ എന്ന നിലയിൽ വാർഡ് മെമ്പർമാർക്ക് നൽകുന്നതിനു മുമ്പ് ആവശ്യമായ രേഖകളുടെ ലഭ്യതയും അവയുടെ നിജസ്ഥിതിയും പരിശോധിച്ച് ഉറപ്പുവരുത്തിയില്ലെന്നും ജോയിന്റ് അക്കൗണ്ടിൽ കൂടിയല്ലാതെ നേരിട്ട് പണം നൽകി എന്നുമായിരുന്നു വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. അലക്സ്, യു.ഡി. ക്ലാർക്ക് ശ്രീ. ഷിബു തോമസ് എന്നിവർക്കെതിരെയുണ്ടായിരുന്ന പ്രധാന ആരോപണം.

വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ടി കുറ്റപത്രത്തിന്മേൽ ടിയാളുകൾ പരാമർശം (4) പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സെക്രട്ടറി ശ്രീ. സി. അലക്സ് ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ, 11.06.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം 2013-14 പ്രീമൺസൂൺ വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾക്ക് 10,000/- രൂപാ വീതം തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നുവെന്നും ആയത് 16.07.2013-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി IV(17) നമ്പർ ആയി അംഗീകരിച്ചുവെന്നും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പകർച്ച വ്യാധി രോഗ പ്രതിരോധ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും എസ്റ്റിമേറ്റ്, മസ്റ്റർ റോൾ എന്നിവ ലഭിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കാൻ ടി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഉത്തരവ്, കമ്മിറ്റി തീരുമാനം ഇവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയർമാർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, വാർഡ് മെമ്പർ, ഓവർസീയർ എന്നിവരുടെ മേൽനോട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും പ്രവൃത്തി പൂർത്തീകരിച്ചതിന് ജോലിക്കാർ ഒപ്പിട്ട എം റോൾ വാർഡ് മെമ്പർ, ഓവർസീയർ എന്നിവർ സാക്ഷ്യപ്പെടുത്തുകയും പഞ്ചായത്ത് പ്രസിഡന്റ് ആധികാരികമാക്കുകയും ചെയ്തിട്ടുള്ളതാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും ടിയാൻ ബോധിപ്പിച്ചു

2013-14 വർഷം വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്ന 03.05.2013-ലെ 22963/ഡിസി1/13/തസ്വഭവ സർക്കുലറിലും സ.ഉ(സാധാ)1200/13/തസ്വഭവ ഉത്തരവിലും ശുചിത്വ സമിതിയുടെ അക്കൗണ്ടിലൂടെ തുക ചെലവഴിക്കണമെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതാണെന്നും എന്നാൽ 2014-ൽ പുറപ്പെടുവിച്ച 28.04.2014-ലെ 22501/ഡിസി1/14/തസ്വഭവ സർക്കുലറിലാണ് വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള തുക ശുചിത്വസമിതിയുടെ അക്കൗണ്ടിൽ വരവ് വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുള്ളതെന്നും ആയതിനാൽ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കോ, കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾക്കോ, നിർദ്ദേശങ്ങൾക്കോ വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ലായെന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്തുനിന്നും വീഴ്ച ഒന്നും ഉണ്ടായിട്ടില്ലായെന്നും ആയതിനാൽ തുടർനടപടികളിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നും തനിക്ക് നേരിൽ കേൾക്കാൻ അവസരം നൽകണമെന്നും ശ്രീ. സി. അലക്സ് അഭ്യർത്ഥിക്കുകയുണ്ടായി.

സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ, ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയർ എസ്റ്റിമേറ്റ് തയ്യാറാക്കി അതനുസരിച്ച് ഓവർസീയറുടെയും വാർഡ് മെമ്പറുടെയും മേൽനോട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി, ആയതിന്റെ മസ്റ്റർ റോളുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയറും ബന്ധപ്പെട്ട വാർഡ് മെമ്പർ, പഞ്ചായത്ത് മെമ്പർ എന്നിവർ ഒപ്പിട്ടു നൽകിയിരുന്നുവെന്നും പ്രസ്തുത എസ്റ്റിമേറ്റുകൾ, മസ്റ്റർറോൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവയും സർക്കാർ ഉത്തരവുകളും പരിശോധിച്ച് സീനിയർ ക്ലാർക്കെന്ന നിലയിൽ ബില്ല് തയ്യാറാക്കി സെക്രട്ടറിക്കു സമർപ്പിക്കുകയാണ് താൻ ചെയ്തതെന്നും ഈ സാഹചര്യത്തിൽ തന്റെ ഭാഗത്ത് യാതൊരുവീഴ്ചയും ഉണ്ടായിട്ടില്ലായെന്നും തുടർനടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ വിളക്കുടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **16.07.2013-**ലെ തീരുമാനപ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി തനതു ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതുപ്രകാരം **15** വാർഡുകളിൽ നടത്തിയ പ്രവർത്തികളുടെ കൂലിയായി **1,49,549/-** രൂപ തദ്ദേശ സ്വയംഭരണ ഓവർസിയർ

തയ്യാറാക്കിയ എസ്റ്റിമേറ്റ്, വാർഡുതല ശുചിത്വ കമ്മിറ്റിയുടെ മിനിട്സ്, തൊഴിലാളികളുടെ പേര്, തുക, ഒപ്പ് എന്നിവ രേഖപ്പെടുത്തിയ പ്രസിഡന്റ്, സെക്രട്ടറി, ഓവർസിയർ, വാർഡുതല ശുചിത്വ കമ്മിറ്റി കൺവീനറായ വാർഡ് മെമ്പർ എന്നിവർ ഒപ്പുവച്ച മസ്റ്റർ റോൾ എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ 15 വൗച്ചറുകളായി സെൽഫ് ചെക്കുകൾ മുഖേനെ പിൻവലിക്കുകയും ചെയ്തിരുന്നുവെന്നും ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. അലക്സിന്റെ മൊഴിപ്രകാരം ഈ തുക ഓരോ വാർഡിലെയും തൊഴിലാളികളെ കൈമാറുന്നതിനായി തൊഴിലാളികളെ നേരിട്ടറിയുന്ന വാർഡ് മെമ്പർക്ക് നല്കിയിട്ടുള്ളതാണെന്നും പറയുന്നു.

15 വാർഡുകളിലായി വേസ്റ്റ് നീക്കം ചെയ്യൽ, ഓടവൃത്തിയാക്കൽ എന്നിവയായിരുന്നു പ്രവൃത്തികൾ. ഈ പ്രവൃത്തികളൊന്നും ആരംഭിക്കുന്നതിന് മുൻപ് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല. ടി പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് തൊഴിലാളികളുടെ പേര്, ഒപ്പ്, തുക എന്നിവ രേഖപ്പെടുത്തി എൽ.എസ്.ജി.ഡി. ഓവർസിയർ, പ്രസിഡന്റ്, സെക്രട്ടറി വാർഡുതല കൺവീനറായ വാർഡ് മെമ്പർ എന്നിവർ ഒപ്പു വച്ചിട്ടുള്ള മസ്റ്റർ റോൾ മാത്രമാണ് ആധികാരിക രേഖയായി വൗച്ചറിനോടൊപ്പമുള്ളത്. കൂടാതെ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള വാർഡുതല ശുചിത്വ സാനിട്ടേഷൻ കമ്മിറ്റി മിനിട്സിൽ യോഗം കൂടിയ സ്ഥലമോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ മിനിട്സ് മെഡിക്കൽ ഓഫീസർ കൈവശമുള്ള വാർഡുതല ശുചിത്വ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. മെഡിക്കൽ ഓഫീസർ കൈവശമുള്ള മിനിട്സിൽ ചെയർമാൻ വാർഡ് മെമ്പറും കൺവീനർ ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള HI/JPHN/JHI/LHI എന്നിവരുമാണ്. എന്നാൽ വൗച്ചറിനോടൊപ്പമുള്ള മിനിട്സിൽ കൺവീനറും ചെയർമാനുമായി ഒപ്പിട്ടിട്ടുള്ളത് വാർഡ് മെമ്പർമാർ തന്നെയാണ്.

വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള മിനിട്സ് തയ്യാറാക്കിയത് സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസ് ആണെന്നും ഈ മിനിട്സ് മെഡിക്കൽ ഓഫീസർ കൈവശമുള്ള മിനിട്സുമായി ഒത്തുനോക്കിയിട്ടില്ലെന്നും വാർഡുതലത്തിൽ പ്രവർത്തിയുടെ ആവശ്യകതയെപ്പറ്റി അറിയുന്നതിനുള്ള ഒരു രേഖമാത്രമായാണ് പ്രസ്തുത മിനിട്സ് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളതെന്നും സെക്രട്ടറി മൊഴി നല്കിയിട്ടുണ്ട്. എന്നാൽ മിനിട്സിന്റെ ഒരു ഫോർമാറ്റ് മാത്രമാണ് താൻ തയ്യാറാക്കിയതെന്നും വർക്കിന്റെ പേര് രേഖപ്പെടുത്തി ഒപ്പിട്ട് നല്കിയിട്ടുള്ളത് അതാത് വാർഡ് മെമ്പർമാർ തന്നെയാണ് എന്നാണ് സെക്ഷൻ ക്ലാർക്കായ ശ്രീ ഷിബു തോമസ് മൊഴി നല്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ മെഡിക്കൽ ഓഫീസറുടെ കൈവശമുള്ള രജിസ്റ്ററിൽ ചേർത്തിട്ടുള്ളതല്ല ഫയലിൽ സൂക്ഷിച്ചിട്ടുള്ള മിനിട്സെന്നും അതിൽ ഒപ്പിട്ടിട്ടുള്ള വാർഡ് മെമ്പർമാർ ഒഴികെയുള്ളവരുടെ വിലാസം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആധികാരികത പരിശോധിക്കാനാവില്ലെന്നും ടി പ്രവർത്തികൾ പൂർത്തീകരിച്ചിട്ട് രണ്ടുവർഷത്തിലധികമായിട്ടുള്ളതിനാൽ സ്ഥലപരിശോധന നടത്തി ഇക്കാര്യം ബോധ്യപ്പെടാനാവില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്രട്ടറി ശ്രീ. അലക്സിന്റെ ആവശ്യപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. സെക്രട്ടറിയായി ചുമതലയേറ്റ് (11.07.2013) ഒഴാഴ്ചയ്ക്കുള്ളിൽ (16.07.2013-ൽ) കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ IV (17) നമ്പർ തീരുമാനപ്രകാരമായിരുന്നു മേൽ ശുചീകരണം നടത്തിയത് എന്നും സെക്രട്ടറിയായി ചാർജ്ജെടുത്ത ശേഷം ഒരാഴ്ചയ്ക്കുള്ളിൽ നടന്ന കമ്മിറ്റി ആയിരുന്നതിനാൽ കാര്യങ്ങൾ പഠിച്ചുവരുന്നതേയുണ്ടായിരുന്നുള്ളൂ എന്നും കൂടാതെ ടി ദിവസങ്ങളിൽ തന്റെ അമ്മ ആർ.സി.സി.യിൽ ക്യാൻസർ രോഗത്തിന്റെ ട്രീറ്റ്മെന്റിൽ ആയിരുന്നതിനാൽ വാർഡുതല പ്രവർത്തനങ്ങൾ പൂർണ്ണമായും മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ലായെന്നും പേയ്മെന്റ് രജിസ്റ്ററിനോടൊപ്പം സൂക്ഷിക്കുന്നത് മിനിറ്റ്സ് ആയിരുന്നില്ലെന്നും ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് സംബന്ധിച്ച ഒരു റിപ്പോർട്ട് മാത്രമായിരുന്നുവെന്നും ഹിയറിംഗ് വേളയിൽ വെളിപ്പെടുത്തുകയുണ്ടായി.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടിയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും നേരിൽ കേട്ട വേളയിൽ ശ്രീ. അലക്സ് ബോധിപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സ്ഥലപരിശോധനയിൽ ടി പ്രവൃത്തികൾ നടന്നിട്ടുള്ളതാണോ അല്ലയോ എന്നുള്ള നിഗമനത്തിലെത്താൻ സാധിക്കുന്നില്ല എന്നാണ് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഹിയറിംഗ് വേളയിൽ ടിയാൻ വെളിപ്പെടുത്തിയ വിവരങ്ങളിൽ നിന്ന് ടിയാൻ വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തിയതിലും ആയതിന്റെ ഫണ്ട് ചിലവഴിച്ചതിലും തെറ്റുപറ്റിയതായി കാണുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ശ്രീ. അലക്സ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസ് എന്നിവർക്ക് തങ്ങളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയിൽ നിന്നും ഒഴിയുവാൻ സാധിക്കില്ല.

മേൽ സാഹചര്യത്തിൽ വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അലക്സിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്കും, സെക്ഷൻ ക്ലാർക്ക് ശ്രീ. ഷിബു തോമസിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്കും സഞ്ചിതഫലത്തോടെയല്ലാതെ കുറവ് ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. സി.എസ്. അലക്സ്, മുൻ സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത്
2. ശ്രീ. ഷിബു തോമസ്, സെക്ഷൻ ക്ലാർക്ക്, വിളക്കുടി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.3196/ഡി3/2017/വിജി. തീയതി 27.03.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.16601/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ